THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

# GRADE-X
# QUESTION BANK
# CHAPTER-I

## ലക്ഷ്മണ സാന്ത്വനം

**I.**ഒറ്റവാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക

**1.** *ദേഹാഭിമാനം നിമിത്തമായുണ്ടായ

മോഹേന ലോകം ദഹിപ്പിപ്പതിന്നു നീ"

ദേഹാഭിമാനം എന്ന പദത്തിന്റെ വിഗ്രഹരൂപം എഴുതുക.

**2.**അസാധ്യം - വിപരീതപദം എഴുതുക.

**3.**ഭോഗങ്ങളെല്ലാം <u>ക്ഷണപ്രഭാചഞ്ചലം</u>

അടിവരയിട്ട പദത്തിന്റെ അർത്ഥം കണ്ടെത്തി എഴുതുക.

**4.**"ആലോല ചേതസാ ഭോഗങ്ങൾ തേടുന്നു."

ആര്?

**5.**"പാന്ഥർ പെരുവഴിയമ്പലം തന്നിലെ

താന്തരായ്ക്കൂടി വിയോഗം വരുംപോലെ

നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-

മെത്രയും ചഞ്ചലമാലയ സംഗമം"

ഈ വരികളിലെ സാദൃശ്യകല്പനകളുടെ സവിശേഷതകൾ വിവരിക്കുക.

**7.**ഗഹനമായ ആശയങ്ങളെ ഉദാഹരണങ്ങളിലൂടെ വിശദമാക്കാൻ എഴുത്തച്ഛന് കഴിയും. ഈ പ്രസ്താവനയ്ക്ക് ഉചിതമായ നാല് ഉദാഹരണങ്ങൾ എഴുതുക.

**8.**സംസാരകാരിണി, സംസാരനാശിനി എന്നീ വിശേഷണങ്ങൾ ഏതിനോടെല്ലാമാണ് ബന്ധപ്പെടുന്നത്**?**

**9.**വരികളിലെ ഭാഷാപരമായ പ്രത്യേകതകൾ എഴുതുക**.**

**"**ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചു പോകിലാം

വെന്തുവെണ്ണീറായ് ചമഞ്ഞുപോയീടിലാം**"**

**10.**വിഗ്രഹിക്കുക**-** കാലാഹി

**11.**മനസ്താപം ഉണ്ടാകുന്നത് എന്തുകൊണ്ടാണ്

**12.**അഹം ബുദ്ധി ഉണ്ടാകുന്നത് എന്തുകൊണ്ട്

**13.**എഴുത്തച്ഛൻ സ്വീകരിച്ച ഭാഷയുടെ പ്രത്യേകത എന്ത്

**14.**അദ്ധ്യാത്മരാമായണം കിളിപ്പാട്ടിൽ എത്ര കാണ്ഡം ഉണ്ട്

**15.**എഴുത്തച്ഛൻ സ്വീകരിച്ച രചനാരീതി ഏത്

**16.**ഏതു രസം ആവിഷ്കരിക്കുന്നതിൽ ആയിരുന്നു എഴുത്തച്ഛന് കൂടുതൽ താല്പര്യം

**17.**എഴുത്തച്ഛൻ തുടങ്ങിവെച്ച പ്രസ്ഥാനം ഏതായിരുന്നു

**18.**പിരിച്ചെഴുതുക**-**മോഹൈകഹന്ത്രി

**19.**ലക്ഷ്മണ സാന്ത്വനം പാഠഭാഗത്തിന്റെ സന്ദർഭം എന്ത്

**20.**എഴുത്തച്ഛൻറെ പ്രധാനപ്പെട്ട കൃതികൾ ഏവ

**II.a.**പ്രയോഗം മാറ്റുക

വ്യാസൻ മഹാഭാരതം എന്ന ഇതിഹാസം രചിച്ചു

**b.**അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിക്കുക

എല്ലാവരും ഉറങ്ങിക്കിടക്കുമ്പോൾ അശ്വത്ഥാമാവും കൃപരും കൃതവർമ്മാവും പാണ്ഡവരുടെ പടകുടീരത്തിൽ പ്രവേശിച്ച് സകലരെയും വെട്ടിയും കുത്തിയും കൊല ചെയ്തു

**c.**വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക

സമുദായ പ്രവർത്തകർ നിസ്വാർത്ഥരും മനുഷ്യസ്നേഹം ഉള്ളവരും ആയിരിക്കണം

**III.**ഉത്തരം എഴുതുക

**1.**ക്രോധാവേശത്താൽ ലോകനാശനത്തിനൊരുങ്ങിയ ലക്ഷ്മണനെ ശ്രീരാമൻ സാന്ത്വനിപ്പിക്കുന്നതെങ്ങനെ**?**

**2."**ചക്ഷുശ്രവണഗളസ്ഥമാം ദർദുരം

ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ

കാലാഹിനാ പരിഗ്രസ്തമാം ലോകവു-

മാലോലചേതസാ ഭോഗങ്ങൾ തേടുന്നു."

- 'കാലാഹി' എന്ന പ്രയോഗത്തിന്റെ ഔചിത്യമെന്ത്**?** വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

**3."**നീർപ്പോളപോലെയുള്ളൊരു ദേഹത്തിൽ

വീർപ്പുമാത്രമുണ്ടിങ്ങനെ കാണുന്നു

ഓർത്തറിയാതെ പാടുപെടുന്നേരം

നേർത്തുപോകുമതെന്നേ പറയാവൂ"

(ജ്ഞാനപ്പാന - പൂന്താനം)

"വഹ്നിസന്തപ്ത ലോഹസ്ഥാംബുബിന്ദുനാ

സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം"

(അധ്യാത്മരാമായണം കിളിപ്പാട്ട് എഴുത്തച്ഛൻ)

-ഇരു കാവ്യഭാഗങ്ങളിലേയും ജീവിതദർശനം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**4."** ക്രോധം പരിത്യജിക്കേണം ബുധജനം"- ഈ വാക്യത്തിന്റെ കാലികപ്രസക്തി ചർച്ചചെയ്ത് മുഖപ്രസംഗം തയ്യാറാക്കുക.

**5."**ബ്രാഹ്മണോഹം നരേന്ദ്രോഹമാഢ്യോഹമെ-

ന്നാമ്രേഡിതം കലർന്നീടും ദശാന്തരേ

ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചുപോകിലാം

വെന്തു വെണ്ണീറായ് ചമഞ്ഞുപോയീടിലാം

മണ്ണിന്നു കീഴായ് കൃമികളായ് പോകിലാം

നന്നല്ല ദേഹം നിമിത്തം മഹാമോഹം."

കാവ്യഭാഗം വിശകലനം ചെയ്ത് എഴുത്തച്ഛന്റെ കാവ്യഭാഷയുടെ സവിശേഷതകളെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

**5.**"എഴുത്തച്ഛൻ കാലാതീതനായ കവി" എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഒരു പ്രഭാഷണം തയ്യാറാക്കുക.

**6.** "വഹ്നിസന്തപ്ത ലോഹസ്ഥാംബു ബിന്ദുനാ

സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം"

നശ്വരമായ മനുഷ്യജന്മത്തെ വ്യാഖ്യാനിക്കാൻ ഈ സദൃശ്യ കൽപ്പനയിലൂടെ എഴുത്തച്ഛന് കഴിയുന്ന സൂചനകൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

**7.**"മാതാപിതൃഭ്രാതൃമിത്രസഖികളെ

ക്രോധം നിമിത്തം ഹനിക്കുന്നിതു പൂമാൻ

ക്രോധം പരിത്യജിക്കേണം ബുധജനം"

ക്രോധത്തെ കരുതിയിരിക്കണമെന്ന ഈ ഉപദേശങ്ങൾ എക്കാലത്ത് പ്രസക്തമാണോ?പ്രതികരണക്കുറിപ്പ് തയ്യാറാക്കുക